**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 507**

27.09.2011 -ൽ മറുപടിയ്ക്ക്

## ഹാൻടെക്സിന്റെ പ്രവർത്തനം സംബന്ധിച്ച്

**ചോദ്യം**

ശ്രീ. എം.എ. വാഹീദ്

**ഉത്തരം**

ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഹാൻടെക്സ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) (1) ഹാൻടെക്സിന്റെ ഹെഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ 12,000 സ്ക്വയർ ഫീറ്റിൽ രണ്ട് നിലകൾ കൂടി സുവർണ്ണ ജൂബിലി മെമ്മോറിയലായി പണിയുന്നു.

(2) 75 ലക്ഷം രൂപയോളം ചെലവഴിച്ച് തൃശൂർ സ്വരാജ് റൗണ്ടിൽ ഹാന്റക്സിനു സ്വന്തമായുള്ള ഭൂമിയിൽ ബഹുനില ഷോറൂം നിർമ്മിക്കാനുള്ള നടപടികൾ ആരംഭിച്ചു.

(3) ടൂറിസ്റ്റ് കേന്ദ്രമായ മൂന്നാറിൽ ഹാന്റക്സിനു സ്വന്തമായ സ്ഥലത്ത് കൈത്തറി പ്രദർശനശാലയും, വില്പനകേന്ദ്രവും ആരംഭിക്കുന്നതാണ്.

(4) സെക്രട്ടേറിയറ്റിനു സമീപമുള്ള ഹാന്റക്സ് വക ഭൂമിയിൽ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ബഹുനില വ്യാപാര സമുച്ചയം ആരംഭിക്കുന്നതാണ്.

(5) ഉപഭോക്താവിനെ ആകർഷിക്കത്തക്ക രൂപത്തിൽ ഹാന്റക്സിന്റെ പുതിയ ലോഗോ തയ്യാറാക്കി പ്രകാശനം ചെയ്തു.

(6) 'ഇഴപിരിയാത്ത ആത്മബന്ധം' എന്ന പുതിയ മുദ്രാവാക്യം സ്വീകരിച്ച് പരസ്യപ്രചരണം നടത്തിവരുന്നു.

(7)സംസ്ഥാനത്ത് വിവിധ പ്രധാന വ്യാപാര കേന്ദ്രത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഡിപ്പോകൾ വിപുലീകരിക്കാനും നവീകരിക്കുവാനും തീരുമാനിച്ചു.

(8) വില്പന വർദ്ധിപ്പിക്കുവാൻ ജൂബിലി വർഷക്കാലം മുഴുവൻ നീണ്ടു നിൽക്കുന്ന സ്വർണ്ണസമ്മാന പദ്ധതി നടപ്പിലാക്കി.

(9) മേഖലാ ഓഫീസുകൾ, ഷോറൂമുകൾ കേന്ദ്ര ഓഫീസുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ആധുനിക കാലഘട്ടത്തിൽ ഹാൻടെക്സ് ഉല്പന്നങ്ങൾക്ക് വിപണന മൂല്യമുള്ളതായി ഗവൺമെന്റ് കരുതുന്നുണ്ടോ; | (ബി) | കൈത്തറി ഉല്പന്നങ്ങൾക്ക് വൻതോതിലുള്ള വിപണനമൂല്യമാണ് നിലവിലുള്ളത്. |
| (സി) | ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടികൾ എന്തെല്ലാം ? | (സി) | (1) ഉപഭോക്താവിന്റെ അഭിരുചിക്കനുസൃതമായ വിവിധയിനം കൈത്തറി ഉല്പന്നങ്ങൾ നെയ്തെടുക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനം നൽകി വരുന്നു.<br>(2) നവീകരണത്തിന്റെ ഭാഗമായി ശീതീകരിച്ച വില്പനശാലകൾ വഴി കൈത്തറി ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ